# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തന പുരോഗതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.290 — 08-11-2019-ൽ മറുപടിയ്ക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഒ.ആർ.കേളു<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.സി.കൃഷ്ണൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ് അനുസരിച്ചാണോ പുരോഗമിക്കുന്നത്; ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം സൃഷ്ടിക്കാൻ സാധിച്ച തൊഴിൽ ദിനങ്ങളുടെയും പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച ആകെ തുകയുടെയും കണക്ക് ലഭ്യമാണോ; | (എ) | അതെ.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 31.10.2019 വരെ ആകെ 2667.71 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും പദ്ധതി പ്രവർത്തനങ്ങൾക്കായി ആകെ 868970.38 ലക്ഷം രൂപ ചെലവഴിക്കുകയുമുണ്ടായി. |
| (ബി) | ഹരിത കേരള മിഷനുമായി യോജിച്ചുകൊണ്ടുള്ള പദ്ധതി പ്രകാരം മണ്ണ്-ജലസംരക്ഷണ പ്രവർത്തനത്തിന് പ്രാധാന്യം നൽകി വരുന്നുണ്ടോ; ഉപജീവനമാർഗം മെച്ചപ്പെടുത്തുന്ന പ്രവൃത്തികൾ ഏറ്റെടുക്കാൻ അനുവദിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പദ്ധതിയിൽ തൊഴിലാളികൾക്ക് കൂലി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം അറിയിക്കാമോ; ഈ വർഷം കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; നിലവിലെ കൂലി എത്ര രൂപയാണ്; | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൂലിയുടെ നിരക്ക് ഓരോ വർഷവും Consumer Price Index-Agricultural Laboures (CPI-AL) ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരാണ് നിശ്ചയിക്കുന്നത്. 2019-20 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ കേരളത്തിൽ ഒരു ദിവസത്തെ കൂലി 271/- രൂപയാണ്. |
| (ഡി) | തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിച്ചു നല്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ എന്നറിയിക്കാമോ? | (ഡി) | ഇക്കാര്യം ആവശ്യപ്പെടുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ